ശ്രീ. ഈ. പി. പൗലോസ്: നിരാഹാരം അനുഷ്ഠിച്ചതുകൊണ്ട് സാധനങ്ങൾക്ക വില വർദ്ധിച്ചതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : കഴിഞ്ഞ 18 മാസത്തിനുള്ളിൽ ഗവണ്മെൻറിന്റെ മുമ്പിൽ നിവേദനം നടത്തിയിട്ടുള്ളതും ഈ അസംബ്ലിയിൽ പല പ്രാവശ്യവും സൂചിപ്പിച്ചിട്ടുള്ളതുമാണ്, പാലക്കാട്ട ജില്ലയിൽ ന്യായവില ഷാപ്പുകൾ തുറക്കുന്നകാര്യം. പ്രത്യേകിച്ചും കുടിയാന്മല, പയ്യാവൂർ എന്നീ പ്രദേശങ്ങളിൽ ന്യായവില ഷാപ്പുകൾ തുറക്കേണ്ടതു അത്യാവശ്യമാണ്. ഈ അസംബ്ലിയിൽവച്ചുതന്നെ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുതന്നിട്ടുള്ളതുമാണ് അവിടെ ഈ വർഷംതന്നെ ന്യായവില ഷാപ്പുകൾ തുറക്കുന്നതാണ് എന്നു. എന്നാൽ ഇതുവരെ അവിടെ ന്യായവില ഷാപ്പു തുറന്നിട്ടില്ല. ഇങ്ങനെയായാൽ മന്ത്രി തരുന്ന ഉറപ്പിനു യാതൊരു വിലയും ഇല്ലാതെപോകുമെന്നുള്ളതുകൊണ്ട് അവിടെ ഏറ്റവും വേഗം ന്യായവില ഷാപ്പു തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ്: ഏതെങ്കിലും രണ്ടു പ്രദേശങ്ങളെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഡിസംബർ അവസാനത്തിൽ ഇങ്ങോട്ട അയയ്ക്കുവാൻ നിശ്ചയിച്ചിരുന്ന അരിപോലും മറ്റു സ്ഥലങ്ങളിലേയ്ക്കു മാറേണ്ടതായിവന്നു. അതിൽ കുറെ വൈഷമ്യം ഉണ്ടായതുകൊണ്ടാണ് ന്യായവില ഷാപ്പുകൾ തുറക്കുവാൻ താമസം വരുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ്: മുമ്പു മന്ത്രിപറഞ്ഞിട്ടുണ്ട്; സാധനങ്ങളുടെ വിലക്കയറ്റം അരി കമ്പോളത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതെന്നു്. നമ്മുടെ കമ്പോളം മദ്രാസിനേയും, മദ്രാസിലെ കമ്പോളം ആന്ധ്രായേയും ആശ്രയിച്ചാണ് ഇരിക്കുന്നതു്. ഇതിനൊരു സമീകരണ നില ഉണ്ടാക്കുവാൻ ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യങ്ങളും ശരിയാണ്. നമ്മുടെ മാക്കറ്റിലെ വില സാമാന്യമായി മദ്രാസിലേയും ആന്ധ്രായിലേയും വിലയെ ആശ്രയിച്ചിരിക്കുകയാണ്. ഇതു പരിഹരിക്കുവാൻ, ഒരു സമീകരണ നില വരുത്തുവാൻ എന്തു ചെയ്യാൻ കഴിയും എന്നുള്ളതിനെപ്പറ്റി അടുത്തകാലത്തു് ഏറണാകുളത്തു വച്ചുനടന്ന കാൺഫറൻസിൽ വച്ചു് ആലോചിക്കുകയുണ്ടായി. ഡൽഹിയിൽവച്ചുനടന്ന മന്ത്രിമാരുടെ ഒരു കാൺഫറൻസിൽ വച്ചും ഇതേപ്പറ്റി ചർച്ചനടന്നു; ചില നിർദ്ദേശങ്ങളും സ്വീകരിക്കുകയുണ്ടായി. മദ്രാസിനോടും ആന്ധ്രായോടും ന്യായമായ വിലയ്ക്കു് തരണമെന്നു ആവശ്യപ്പെടുവാൻ മാത്രമേ നമുക്കു കഴിയുകയുള്ളു.

ഹെൽത്ത സെൻറുകൾ

* 501. [12] ശ്രീ. പി. കെ അബ്ദുൽഖാദർ: * താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംപഞ്ചതിക്കാലത്തു് 1964 ജനുവരി അവസാനംവരെ സ്റ്റേറ്റിൽ ഒട്ടാകെ എത്ര ഹെൽത്ത സെൻറുകൾ സ്ഥാപിച്ചിട്ടുണ്ട്:

(ബി) കൊടുങ്ങല്ലൂരിലെ അഴീക്കോട് ഹെൽത്ത സെൻററിനു പുതിയതായി സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ; അതിന്റെ അക്വിസിഷൻ നടപടികൾ പൂർത്തിയായോ;

(സി) ഇപ്പോഴത്തെ ഹെൽത്ത സെൻററിൽ സ്ഥല സൗകര്യം ഇല്ലാതെയും മറ്റു വിഷമതകളാലും രോഗികൾക്കും മറ്റും ബുദ്ധിമുട്ടുള്ളതു് ഗവണ്മെൻറു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പുതിയ സ്ഥലത്തു കെട്ടിടം പണിയുന്നതിനുള്ള നടപടികൾ എന്നത്തേക്കു ആരംഭിക്കും?

* Question put by Shri. P. R. Francis.

LIBRARY ARCHIVES Kerala Legislative Assembly

[Shri K. M. George, (Chairman) in the chair]

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നാൽപ്പതെണ്ണം

(ബി) ഉണ്ട്. അക്വിസിഷൻ നടപടികളും പൂർത്തിയായിക്കഴിഞ്ഞു.

(സി) ഉണ്ട്. വാടകയ്ക്കോ, വാടക സൗജന്യമായിട്ടോ കെട്ടിടങ്ങളും കിട്ടാൻ ആപ്രദേശത്തു് വിഷമതകളുള്ളതുകൊണ്ടാണു് ഹെൽത്തു സെന്റർ ഇപ്പോഴത്തെ കെട്ടിടത്തിൽ തുടരുന്നതു്,

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ പണി ആരംഭിക്കാമെന്നു പ്രതീക്ഷിക്കുന്നു.

Mr. Chairman: Nobody has put question No. 13. Question number 14 may be answered.

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൂലി, അഴിമതി, കൃത്യവിലോപം എന്നീ കുറ്റങ്ങൾക്കു് ശിക്ഷിക്കപ്പെട്ടവർ

* 502. [14] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നശേഷം അഴിമതി, കൈക്കൂലി, കൃത്യവിലോപം എന്നീ കുറ്റങ്ങൾക്കായി എത്ര പേരെ ശിക്ഷിച്ചിട്ടുണ്ടു് ;

(ബി) ഇതിൽ ഗസറ്റഡു് ഉദ്യോഗസ്ഥന്മാർ എത്ര, നോൺ ഗസറ്റഡു് ഉദ്യോഗസ്ഥന്മാർ എത്ര ;

(സി) ഇതിൽ ഓരോ ഇനത്തിലും എത്രപേരെവീതം സർവ്വീസിൽ നിന്നും ഡിസ്മിസ്സു് ചെയ്തിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ആറു ഡിപ്പാർട്ടുമെന്റിൽനിന്നും 1963-ലെ വിവരങ്ങൾ ലഭിച്ചിട്ടില്ല. ശേഖരിച്ചിടത്തോളം കണക്കുകൾ അനുസരിച്ചു 1961 മുതൽ 1963 അവസാനംവരെ 13,336 പേരെ ശിക്ഷിച്ചിട്ടുണ്ടു്.

(ബി) ഇതിൽ ഗസറ്റഡു് 306. നോൺ ഗസറ്റഡു് 13030.

(സി) ഗസറ്റഡു് 2. നോൺ ഗസറ്റഡു് 114.

ശ്രീ. എം. നാരായണക്കുറുപ്പു് : അഴിമതി നിരോധന പ്രവൃത്തികളും കൈകാര്യം ചെയ്യുന്നതിനുവേണ്ട നടപടികളെപ്പറ്റി അടുത്തകാലത്തു വല്ല ഭേദഗതിയും വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണു് ?

ശ്രീ. ആർ. ശങ്കർ : കാര്യമായി യാതൊരു ഭേദഗതിയും പുതുതായി വരുത്തിയിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗ്രാഫ്റ്റു മെത്തേഡു് ആവശ്യമില്ലെന്നും ഊമക്കത്തുകളും സ്വീകരിക്കുന്നതിനെപ്പറ്റി ചില ഭേദഗതികളും വരുത്തിയിട്ടുണ്ടെന്നും പത്രത്തിൽനിന്നും വായിക്കുകയുണ്ടായി. അങ്ങനെ വരുത്തിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഞാൻ ഈ വകുപ്പിന്റെ ചാർജ്ജു് ഏൽക്കുന്നതിനുമുമ്പു് വല്ല ഭേദഗതിയും വരുത്തിയിട്ടുണ്ടോ എന്നറിവില്ല. പത്രത്തിൽ ഞാനും കണ്ടു.